എഡിറ്റോറിയൽ

**ഏപ്രിൽ 2013**

എഡിറ്റർ
ജോർജ്ജ്
കാടൻകാവിൽ



# ഭാര്യയുടെ ശമ്പളം

**അ**ങ്കിളേ എന്റെ കല്യാണം കഴിഞ്ഞിട്ട് രണ്ട് മാസമേ ആയിട്ടുള്ളു. എന്റെ കഴിഞ്ഞ മാസത്തെ ശമ്പളം ഇന്നലെ എന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയി വന്നിട്ടുണ്ടെന്ന് ഞാൻ ഭർത്താവിനോട് പറഞ്ഞു. ഉടനെ അദ്ദേഹം ഒരു അക്കൗണ്ട് നമ്പർ കുറിച്ചു തന്നിട്ടു പറയുകയാണ്, അത് മുഴുവൻ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തേക്കെന്ന്. കേട്ടിട്ട് എനിക്കെന്തോ അസ്വസ്ഥത തോന്നി, ഞാൻ എന്റെ അമ്മയെ വിളിച്ച് ഇക്കാര്യം പറഞ്ഞു, പൈസമുഴുവനും അങ്ങിനെ ട്രാൻസ്ഫർ ചെയ്ത് കൊടുക്കേണ്ട എന്നാണ് അമ്മ പറയുന്നത്. പിന്നെ എന്തു ചെയ്യണം എന്നു ചോദിച്ചപ്പോൾ അമ്മയാണ് പറഞ്ഞത് ജോർജ്ജ് സാറിനെ വിളിച്ച് സംസാരിക്കാൻ. ഞാൻ എന്തു ചെയ്യണം അങ്കിളേ ?

മോളേ നിന്റെ അമ്മയെ വിളിച്ച് അഭിപ്രായം ചോദിച്ചതിന് ഞാൻ തെറ്റുപറയുന്നില്ല, പക്ഷേ ഇടക്കിടക്ക് ഭർത്താവ് പറയുന്ന ഓരോ കാര്യത്തെക്കുറിച്ചും അമ്മയെ വിളിച്ച് ഇങ്ങിനെ ചോദിക്കരുത്. അമ്മ എത്ര നല്ല ഉപദേശം തരുമെങ്കിലും, നിന്റെ ഭർത്താവിനെക്കുറിച്ച് ധൈര്യക്കുറവും, ആശങ്കകളും അമ്മയുടെ മനസ്സിൽ രൂപപ്പെടാൻ ഇത് ഇടയാക്കും. നമ്മൾ ഒരാളെക്കുറിച്ച് എന്തെങ്കിലും സംശയിക്കാൻ തുടങ്ങിയാൽ അയാൾ അങ്ങിനെ തന്നെ ആയിത്തീരാനാണ് സാദ്ധ്യത. മാത്രമല്ല, ഭാവിയിൽ ഓരോ കാര്യത്തിനും നിനക്ക് അമ്മയെക്കൂടി ബോദ്ധ്യപ്പെടുത്തി തീരുമാനമെടുക്കേണ്ട സ്ഥിതി വരും.

പണം മുഴുവൻ തന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യണം എന്ന ഭർത്താവിന്റെ നിർദ്ദേശം തീർത്തും ഏകപക്ഷീയമായി നിനക്ക് അനുഭവപ്പെട്ടതായിരിക്കണം നിന്റെ അസ്വസ്ഥതയുടെ കാരണം. അല്ലാതെ നിന്റെ പണം കൊണ്ട് ഭർത്താവറിയാതെ എന്തെങ്കിലും ചെയ്യാൻ നിനക്ക് ഉദ്ദേശമുണ്ടായിരുന്നോ?

“ഇല്ലങ്കിൾ, എന്നെ വിശ്വാസമില്ലാത്തതു പോലെയും, നിയന്ത്രിക്കാൻ ശ്രമിക്കുന്നതു പോലെയും, അദ്ദേഹം എന്തോ ഒളിക്കുന്നതുപോലെയും ഒക്കെയാണ് എനിക്ക് തോന്നിയത്. എന്റെ വീട്ടിൽ അപ്പച്ചനും അമ്മയ്ക്കും ജോലിയുണ്ട്. അപ്പച്ചനു കിട്ടുന്ന ശമ്പളം അമ്മയെ ഏല്പിക്കുകയാണ് വീട്ടിൽ പതിവ്. അമ്മയാണ് കാഷ്യറും ബാങ്കറും. അപ്പച്ചന് ആവശ്യമുള്ള പൈസ അമ്മ പേഴ്സിൽ വെച്ചു കൊടുക്കും, പൈസ തികയാതെ വന്നാൽ അപ്പച്ചൻ എ ടിഎം കാർഡ് ഉപയോഗിക്കും, എന്നിട്ട് വീട്ടിൽ വരുമ്പോൾ എടിഎംൽ നിന്ന് ഇത്ര പണം എടുത്തിട്ടുണ്ട് എന്ന് അമ്മയോട് പറയും. അമ്മയും തിരികെ അങ്ങിനെ തന്നെ. പൈസക്ക് ബുദ്ധിമുട്ട് ഉള്ളപ്പോൾ രണ്ടുപേരും കൂടി മുണ്ട് മുറുക്കി ഉടുക്കുമായിരുന്നു എന്ന് അമ്മ പറഞ്ഞ് കേട്ടിട്ടുണ്ട്. പക്ഷേ ഞങ്ങൾ അത് അനുഭവിച്ചിട്ടില്ല.”

“പിന്നെ ഞാൻ പഠിച്ചതിന്റെ എഡ്യൂക്കേഷൻ ലോൺ അടച്ചു തീർക്കാനുണ്ട്. അത് അപ്പച്ചൻ അടച്ചോളാം എന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷേ അതെനിക്ക് ഉള്ളിൽ ഒരു വിഷമമായി തോന്നുന്നുണ്ട്.”

നീ പഠിച്ചതിന്റെ കടം അപ്പച്ചൻ വീട്ടിക്കൊള്ളാം എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ, അപ്പച്ചന് അതിനുള്ള സാമ്പത്തിക ശേഷി ഇല്ല എങ്കിൽ മാത്രം നീ വിഷമിച്ചാൽ പോരേ. അവർക്ക് രണ്ട് പേർക്കും ജോലിയുണ്ട്, അവർ ഏറ്റെടുത്തിരിക്കുന്നത് അവർ ചെയ്തുകൊള്ളും എന്ന് നീ വിശ്വസിക്കണം. പിതൃസ്വത്തിൽ പെൺമക്കളുടെ വിഹിതം വിവാഹ സമയത്ത് കൊടുക്കുന്ന രീതിയാണ് കേരളത്തിലെ ക്രൈസ്തവ കുടുംബങ്ങളിലേത്. അപ്പച്ചന്റെ ആസ്തിയും.

www.BethlehemMatrimonial.com

നിന്റെ ലോണടക്കമുള്ള ബാദ്ധ്യതകളും ഒക്കെ കണക്കാക്കിയാണ് അപ്പച്ചൻ സ്വത്ത് വിഹിതം നിശ്ചയിച്ചതും, ലോൺ അവരടച്ചു കൊള്ളാം എന്ന് പറഞ്ഞിരിക്കുന്നതും. നിങ്ങൾ സമാധാന മായി ഒരുമയോടെ ജീവിക്കുന്നതു കാണാൻ വേണ്ടിയാണ് അവർ ഇതൊക്കെ ചെയ്തിരിക്കുന്നത്. ഇതിന്റെ പേരിൽ ഭർത്താവിനോട് കലഹിച്ച് ബന്ധം വഷളാക്കിയാൽ ആ ബാദ്ധ്യത ആർക്കാണ് തീർക്കാൻ കഴിയുക.

മോളെ നിന്റെ വിഷമങ്ങൾ പറയാനും, പങ്കു വെയ്ക്കാനും വേണ്ടിയാണ് നീയൊരാളെ വിവാഹം ചെയ്ത് ജീവിതപങ്കാളിയാക്കിയത്. നിന്റെ ഉള്ളിൽ മാത്രമല്ല, നിന്റെ ഭർത്താവിന്റെ ഉള്ളിലും ഇതു പോലെ പല വിഷമങ്ങളും ഉണ്ടായിരിക്കാം. ഉള്ളു തുറന്നു സംസാരിച്ചെങ്കിലല്ലേ ഇതൊക്കെ പരസ്പരം മന സ്സിലാവുകയുള്ളു.

കുടുംബത്തിലെ ദൈനം ദിന കാര്യങ്ങൾ എങ്ങിനെ കൊണ്ടുപോകണം എന്ന് നിന്റെ ഭർത്താവുമായി ഇരുന്ന് ചർച്ച ചെയ്യണം. വരവു ചിലവു കാര്യങ്ങളെക്കുറിച്ച് സംസാരിക്കാൻ ഉള്ള അവസരമാണ് ഇത്. ഒട്ടും സമയം കളയാതെ ഭർത്താവിനോട് നീ പറയുക നമ്മൾക്ക് ഒന്ന് സംസാരിക്കണം എന്ന്. ആദ്യം നിങ്ങളുടെ കുടുംബം തടസ്സമില്ലാതെ ഒഴുകുവാൻ വേണ്ട സാമ്പത്തിക ആവശ്യങ്ങളെക്കുറിച്ച് നിങ്ങൾ സംസാരിച്ച് ഒരു ധാരണ ഉണ്ടാക്കണം.

വാടക കൊടുക്കണം, ഭക്ഷണ സാധനങ്ങൾ വാങ്ങണം, വീട്ടു സാധനങ്ങൾ വാങ്ങണം, സ്ഥിരം ബില്ലുക ളും മറ്റ് ഇൻസ്റ്റാൾമെന്റുകൾ ഉണ്ടെങ്കിൽ അതും ഏതെല്ലാമാണ് എന്ന് രണ്ടുപേരും അറിഞ്ഞിരിക്കണം. ആര് എങ്ങിനെ എപ്പോഴൊക്കെയാണ് ഇത് അടക്കേണ്ടത് എന്ന് പ്രായോഗിക സൗകര്യം നോക്കി ഓരോരുത്തർ ഏറ്റെടുക്കണം. അതു മുടങ്ങാത്ത വിധം പ്ളാൻ ചെയ്ത് അവരവരുടെ അക്കൗണ്ടിൽ പണം നീക്കി വെച്ചിരിക്കണം. പിന്നെ പെട്രോൾ, വണ്ടിക്കൂലി, ഫോൺ, ഇന്റർനെറ്റ്, ഇൻഷുറൻസ്, ഇൻകം ടാക്സ്, മെമ്പർഷിപ്പ് ഫീസുകൾ, എല്ലാത്തിനും കൂടി രണ്ടുപേരുടെയും ശമ്പളം തികയുമോ? ഇല്ലെങ്കിൽ കുറെ ചിലവ് വെട്ടിക്കുറക്കണം. കുറെ പർച്ചേസുകൾ നീട്ടി വെക്കണം.

ചിലവുകൾ കഴിഞ്ഞ് മിച്ചമുണ്ടെങ്കിൽ രണ്ടാളും കൂടി ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങി നീക്കിയിരുപ്പ് പണം അതിൽ നിക്ഷേപിക്കാം. പ്ളാൻ ചെയ്യാത്ത എന്തെങ്കിലും ആവശ്യത്തിന് നീക്കിയിരുപ്പ് പണം ചിലവഴിക്കണമെങ്കിൽ രണ്ടാളും കൂടി സംസാരിച്ച് ഏറ്റവും ഉചിതം എന്ന് ബോദ്ധ്യപ്പെട്ടശേഷം ചിലവഴിക്കുക. ഇങ്ങിനെയൊക്കെയാണ് കുടുംബത്തിലെ ധന വിനിയോഗത്തെക്കുറിച്ച് ഞാൻ കാണുന്നത്.

മറ്റുള്ളവരുടെ കാഴ്ചപ്പാടുകളും അറിയണമല്ലോ. ഈ പ്രശ്നത്തിന്റെ ഒരു ഭാഗം ഇക്കഴിഞ്ഞ വൈവാഹിക സംഗമത്തിൽ ചർച്ച ചെയ്യാൻ കൊടുത്തു.

*ഭാര്യയും ഭർത്താവും തമ്മിൽ തർക്കം - ഭാര്യയുടെ ശമ്പളം ഭർത്താവിനെ ഏല്പിക്കണമോ?*

**സംഗമത്തിന്റെ അഭിപ്രായങ്ങൾ**

രണ്ടുപേരുടെയും വരുമാനം ഒന്നിച്ച് ചേർത്ത് പരസ്പരം ധാരണയിൽ ചിലവഴിക്കണം.

- ജോയിന്റ് അക്കൗണ്ടിൽ പണം സൂക്ഷിക്കണം. രണ്ടുപേരിൽ ആർക്കു വേണമെങ്കിലും പിൻവലിക്കാൻ കഴി യണം.

- ഭർത്താവിന്റെ വരുമാനം കൊണ്ട് ചിലവുകൾ നടത്താൻ തികയുമെങ്കിൽ ഭാര്യയുടെ ശമ്പളം സേവിംഗ്സ് ആക്കണം

- പണം കൈകാര്യം ചെയ്യാൻ കൂടുതൽ നൈപുണ്യം ആർക്കോ അവർ പണം സൂക്ഷിക്കട്ടെ, പക്ഷേ മറ്റേ ആളുടെ കൈയ്യിലും പണം ഉണ്ടായിരിക്കണം. പങ്കാളികളിൽ ഒരാൾ പണം മുഴുവൻ കൈവശം വെയ്ക്കുന്ന രീതി സമാധാനപരമായ ഒരു കുടുംബ ബന്ധത്തിന് തടസ്സം സൃഷ്ടിക്കും.

- ഭാര്യയുടെ ശമ്പളം ഭർത്താവിന്റെ ശമ്പളം എന്ന വേർതിരിവ് അനാവശ്യമാണ്. മൊത്തം രണ്ടു പേരുടെ യും ശമ്പളത്തിൽനിന്നും അതതു മാസത്തെ ചിലവു കഴിഞ്ഞു മിച്ചം ഉണ്ടെങ്കിൽ ജോയിന്റ് അക്കൗണ്ടിൽ സൂക്ഷിക്കുക.

- ഭാര്യയുടെ ആവശ്യങ്ങളും മക്കളുടെ ആവശ്യങ്ങളും അറിഞ്ഞ് നിറവേറ്റുന്ന ഭർത്താവാണെങ്കിൽ ശമ്പളം ഭർത്താവിന്റെ കൈയ്യിൽ കൊടുക്കണം. അല്ലെങ്കിൽ വീട്ടാവശ്യത്തിനുള്ള പണം കയ്യിൽ വെച്ച് ബാക്കി മാത്രമെ ഭർത്താവിന്റെ കയ്യിൽ ഏല്പിക്കാവൂ.

- ഒരാളുടെ പിടിപ്പുകേടു കൊണ്ട് ധനനഷ്ടമോ, അനാവശ്യചിലവുകളോ തുടർച്ചയായി സംഭവിക്കുന്നെങ്കിൽ പണത്തിന്റെ ചുമതല മറ്റെയാൾ നിർബന്ധപൂർവ്വം ഏറ്റെടുക്കണം.

◆ Once married there should not be wife's money of husband's money. It will be family income. They should consult each other and plan the expenses according to total income and required savings. One of the reasons for trouble in a family starts with the feeling of "My Income" and "Your Income"

◆ If the wife is so purticular, let her keep the money. In the marital relationship, her peace of mind is far more valuable than her money.

ധനവിനിയോഗത്തിൽ ഓരോരുത്തരുടെയും സമീപനം വ്യത്യസ്തമാണ്. ഭാര്യയുടെ ശമ്പളം ഭർത്താവിനെ തന്നെ ഏല്പിക്കണം എന്നോ മറിച്ചോ അലിഖിത നിയമങ്ങൾ ഒന്നുമില്ല.

അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട്, പരസ്പര ധാരണ വളർത്തി എടുത്ത് അവസരോചിതമായി യോജിച്ച് പ്രവർത്തിച്ച, സ്വന്തം കുടുംബത്തിന് അഭിവൃദ്ധി ഉണ്ടാക്കുക എന്നതാണ് ദമ്പതിമാരുടെ പ്രഥമ ഉത്തരവാദിത്വം.

More Articels: http://www.bethlehemmatrimonial.com/editorial.html